# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2925** **15/02/2013 ൽ മറുപടിക്ക്**

## ഏര്യാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഏര്യാ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം ലഭ്യമാക്കുന്നതിനും, കേന്ദ്ര പദ്ധതി മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശത്തിന്റെ പകർപ്പും ലഭ്യമാക്കുമോ; | എ) | വ്യക്തമായ മാനദണ്ഡങ്ങളൊന്നും തന്നെയില്ല. |
| ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര സ്കൂളുകൾ, ഏതെല്ലാം ജില്ലകളിൽ അനുവദിച്ചു; ഏതു വർഷമാണ് അനുവദിച്ചത്; | ബി) | 5 ജില്ലകളിലായി (കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്) 33 വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. 1995-ൽ അനുവദിച്ചു. |
| സി) | പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് സ്കൂൾ പദവി നൽകുന്നതോടെ പ്രതിവർഷം എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നും പ്രസ്തുത സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | സി) | എയ്ഡഡ് പദവി നൽകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല |

സെക്ഷൻ ഓഫീസർ